that is in conflict with the principle that recruitment should be made from influential persons of the locality. I press the motion to a division.

The resolution was put and carried.

13. Reorganisation of Primary Education in the State.

Mr. P. Govinda Menon (*Mulakunnathukavu*:)

"*This Council recommends to Government to constitute an expert Committee to enquire into and report on the following matters.*—

(*i*) *Is any reorganisation of Primary Education necessary;*

(*a*) *In the direction of increase in the number of years of instruction;*

(*b*) *In the direction of introducing instruction in English also in all Primary classes; and*

(*c*) *In any other respect;*

(*ii*) *Will such scheme of reorganisation result in an increase in the expenditure now incurred by Government for Elementary Education?*

(*iii*) *If so, is any additional taxation necessary?*

(*iv*) *If necessary, what shall be the nature of such taxation*)."

മിസ്റ്റർ പ്രസിഡൻറ്, സർ, ഈ സഭയിൽ ഇതുവരെ വാദപ്രതിവാദം ചെയ്യപ്പെട്ട പ്രമേയങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു പ്രമേയത്തിലേക്കാണ് നാം ഇപ്പോൾ പ്രവേശിക്കുന്നതെന്നുള്ള സംഗതിയെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. വി. മൂത്തേടൻ: എന്താണ് വ്യത്യാസം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഇതുവരെ ഇവിടെ വാദപ്രതിവാദം ചെയ്യപ്പെട്ട പത്തുപന്ത്രണ്ടു പ്രമേയങ്ങളിൽ യാതൊരുസംഗതിയും ഉണ്ടായിട്ടില്ലാത്തതുകൊണ്ട്, വിദ്യാഭ്യാസത്തെക്കുറിച്ച് ഈ സഭയിൽ വരുന്ന ആദ്യത്തെ പ്രമേയമായതുകൊണ്ട് ഇതു മറ്റു പ്രമേയങ്ങളിൽനിന്നു വ്യത്യസ്തപ്പെട്ട ഒരു പ്രമേയമായി ഞാൻ വിചാരിക്കുന്നു. നാം ഇവിടെ ഇതുവരെ വെള്ളമില്ലാത്ത ദാഹംകൊണ്ടുള്ള മുറവിളി, ദാരിദ്ര്യത്തിൻറെ മുറവിളി, വീടില്ലാത്തവരുടെ പരിതാപകരമായ സ്ഥിതി, ഉത്തരവാദിത്വ ഭരണം വേണമെന്നുള്ള വാദങ്ങൾ, ഉദ്യോഗമാകുന്ന ആപ്പക്ഷണങ്ങൾ വീതിച്ചു കിട്ടണമെന്നുള്ള മുറവിളി എന്നിങ്ങിനെയുള്ള രംഗങ്ങളിൽ കിടന്നു കളിക്കുകയായിരുന്നു. ഇനി വിദ്യാഭ്യാസത്തിൻറെ കലീനവും ശാലീനവും പരമപാവനവുമായ പ്രശാന്ത ക്ഷേത്രത്തിലേക്ക് കടക്കുവാൻ ശ്രമിക്കുകയാണ്. ഈ പ്രമേയത്തിൽ ഒരു വിദഗ്ദ്ധ സംഘത്തെ ഗവൺമെൻറിൽ നിന്നു നിയമിക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആ വിദഗ്ദ്ധ സംഘത്തിൻറെ ആവശ്യത്തേക്കാൾ കൂടുതലായിട്ട് ഇന്നത്തെ ഗവൺമെൻറിൻറെ വിദ്യാഭ്യാസ നയത്തെക്കുറിച്ചുള്ള ഒരു ചർച്ചയാണ് ആവശ്യമായിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെയിടയിൽ ഇപ്പോൾ പ്രാഥമിക വിദ്യാഭ്യാസം ഉണ്ട്, സെക്കണ്ടറി വിദ്യാഭ്യാസം ഉണ്ട്. ഇങ്ങിനെയുള്ള നാമധേയങ്ങളെല്ലാം ഈ വിദ്യാഭ്യാസപദ്ധതിയിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ടെങ്കിലും യഥാർത്ഥമായ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നമ്മുടെ നാട്ടിൽ ഉണ്ടോ എന്നുള്ള കാര്യം വളരെ സംശയകരമായിട്ടാണ് എനിക്കു തോന്നുന്നത്. ഞാൻ പറഞ്ഞ അഭിപ്രായത്തെ ഒന്നു കൂടി വിശദീകരിക്കുവാൻ ശ്രമിക്കാം.

ഇപ്പോൾ ഒന്നാംക്ലാസ്സ്, രണ്ടാംക്ലാസ്സ്, മൂന്നാംക്ലാസ്സ്, നാലാംക്ലാസ്സ് ഇങ്ങിനെ നാലു ക്ലാസുകളിലുള്ള പരിശീലനമാണ് പ്രാഥമിക വിദ്യാഭ്യാസം എന്നാണ കരുതപ്പെട്ടിട്ടുള്ളത്. വാസ്തവത്തിൽ പറയുകയാണെങ്കിൽ ഈ നാലുകൊല്ലക്കാലത്തെ വിദ്യാഭ്യാസം യഥാർത്ഥമായ പ്രാഥമിക വിദ്യാഭ്യാസം കൊടുക്കുവാനുള്ള ഉദ്ദേശത്തോടുകൂടി അല്ല ഉണ്ടാക്കീട്ടുള്ളത്, അതിനുശേഷമുള്ള സെക്കൻറി വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള നാലു ക്ലാസുകളാണ് നടത്തുന്നത്. അതായത് നമ്മുടെ സെക്കൻറി സ്കൂളുകളിലേക്കു വിദ്യാർത്ഥികളെ ഉണ്ടാക്കുവാനുള്ള ഒരു പദ്ധതി മാത്രമാണ് ഇന്നത്തെ പ്രാഥമിക വിദ്യാഭ്യാസം. സെക്കണ്ടറി വിദ്യാഭ്യാസമാകട്ടെ കോളേജു ക്ലാസുകളിലേക്കു വിദ്യാർത്ഥികളെ കിട്ടുവാനുള്ള പരിശീലനം കൊടുത്തുവരുന്ന ഒരു ഫാറങ്ങൾ മാത്രമാണ്. കോളേജു ക്ലാസുകളിൽ ഇൻറർമീഡിയറും രണ്ടുകൊല്ലം പഠിക്കേണ്ടതുണ്ട്. ഇൻറർമീഡിയറും ക്ലാസ്സ് മുമ്പു ദൃഷ്ടാന്തീകരിച്ച മാതിരി ബി. എ. ക്ലാസുകളിലേക്കുള്ള ഒരു മദ്ധ്യമ പരീക്ഷയാണ്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ബി. എ. ക്ലാസോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നമ്മുടെ വിദ്യാഭ്യാസയന്ത്രം മുഴുവൻ മദ്രാസ് സർവ്വകലാശാലയിലേക്ക് ബി. എ. പരീക്ഷക്കും എം. എ. പരീക്ഷക്കും വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിനുള്ള ഒരു പരിശ്രമം മാത്രമാണ്. മദ്രാസ് സർവ്വകലാശാലാ വിദ്യാഭ്യാസ ചക്രത്തിൽ കിടന്നു തിരിയുകയാണ് കൊച്ചി രാജ്യത്തിലെ വിദ്യാഭ്യാസ പദ്ധതിയും സ്കൂളുകളും മുഴുവൻ. അതു കൊണ്ട് പ്രാഥമിക വിദ്യാഭ്യാസം മാത്രം കഴിഞ്ഞു പുറത്തേക്കുവരുന്ന വിദ്യാർത്ഥികൾക്ക് ആ വിദ്യാഭ്യാസം പ്രയോജനശൂന്യമായി തീരത്തക്കവണ്ണമുള്ള ഒരു പരിശീലനമാണ് പ്രാഥമിക ക്ലാസുകളിൽ കൊടുത്തുവരുന്നത്. മറെറാരു വിധത്തിൽ പറയുകയാണെങ്കിൽ കോളേജിൽ പോയി ബി. എ. മുതലായ ഉന്നത ബിരുദങ്ങൾ സമ്പാദിച്ച് പുറത്തു വരണമെന്നുള്ള ആഗ്രഹമോ അതിനുള്ള സന്ദർഭമോ ഇല്ലാത്തതും വിദ്യാർത്ഥികൾക്കു പ്രയോജനശൂന്യമായതുമായ ഒരു വിദ്യാഭ്യാസമാണ് നമ്മുടെ പ്രാഥമിക ക്ലാസുകളിൽ കൊടുത്തുവരുന്നത്. നമ്മുടെ നാട്ടിൽ ഗ്രാമീണരേയും സാധുക്കളേയും ബാധിക്കുന്നതും അവരെ ഉന്നത സ്ഥിതിയിൽ എത്തിച്ചേക്കുന്നതുമായ യഥാർത്ഥ ഗ്രാമീണവിദ്യാഭ്യാസപദ്ധതി നടപ്പിലിരിക്കുന്നില്ല. ഈ സംഗതി നമ്മുടെ ബഹുമാനപ്പെട്ട ഈ സഭയുടെ മുമ്പിൽ ഈ പ്രമേയം വഴി കയറിയാൽ എൻറെ ഉദ്ദേശം സാധിച്ചുവെന്നാണ് ഞാൻ വിചാരിക്കുന്നത്. കോളേജു വിദ്യാഭ്യാസവും സർവ്വകലാശാലയിലെ ഉന്നത ബിരുദവും പ്രയോജനമുള്ളതാണെങ്കിലും തന്നെ നമ്മുടെ നാട്ടിലെ പാവങ്ങൾക്കു പ്രവേശിക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ അത്ര വിദൂരമായ നിലയിലുള്ള ഒരു കാലഘട്ടത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ നവീകരണകാര്യത്തെപ്പററി ചിന്തിക്കുമ്പോൾ ഈ നാട്ടിലെ ഗ്രാമീണർക്കും പാവങ്ങൾക്കും യഥാർത്ഥമായ സ്വതന്ത്ര വിദ്യാഭ്യാസം അത്യാവശ്യമാണെന്നു വിശദമാക്കും. യഥാർത്ഥമായ സ്വതന്ത്ര വിദ്യാഭ്യാസം എന്നുവെച്ചാൽ അധികം കിട്ടിയ വിദ്യാഭ്യാസംകൊണ്ടുതന്നെ, മറെറാന്നിനെക്കുറിച്ചും ആലോചിക്കാതേയും, കോളേജു ക്ലാസുകളിലോ സെക്കണ്ടറി

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസുകളിലോ പോകാതേയും കഴിക്കുവാൻ സാധിക്കുന്നതു മാത്രമാണ്". അങ്ങിനെയുള്ള പരിപൂർണ്ണമായ ഒരു സ്വതന്ത്ര വിദ്യാഭ്യാസം നമ്മുടെ നാട്ടിലെ ഗ്രാമീണരായ പാവങ്ങൾക്കു കിട്ടുന്നില്ലെന്നുള്ള വാസ്തവം സമ്മതിക്കാതെ നിവൃത്തിയില്ല. ഈ വാസ്തവത്തെ നമ്മുടെ ഗവൺമെൻറും ഒന്നിലധികം പ്രാവശ്യം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ നാട്ടിൽ കൂടുതൽ ഗ്രന്ഥശാലകളും നടപ്പിൽ വരുത്തേണ്ട ആവശ്യകതയെക്കുറിച്ചു് മറൊരവസരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ പ്രസംഗിച്ചതു് നാലുകൊല്ലകാലത്തെ വിദ്യാഭ്യാസത്തിനുശേഷം നമ്മുടെ ഉപനാടുകളിലെ വിദ്യാർത്ഥികളിൽ മൂന്നാലു കൊല്ലം കഴിയുമ്പോൾ വീണ്ടും അജ്ഞാനത്തിലും നിരക്ഷരതയിലും വീണുപോകുന്നുവെന്നും, അതുകൊണ്ടു് അവർക്കു നാലുകൊല്ലക്കാലം കൊടുത്ത വിദ്യാഭ്യാസം വ്യർത്ഥമാകാതിരിക്കുവാൻ വേണ്ടിയും അതിനെ പുലർത്തിക്കൊണ്ടുപോകുവാൻ വേണ്ടിയും ഒരു വിദ്യാഭ്യാസ പദ്ധതി ആവശ്യമാണെന്നും, അതിനു പകരമാണു് ഗ്രാമീണഗ്രന്ഥശാലകളും ആവശ്യമായിട്ടുള്ളതെന്നും ആണു്. ഇപ്രകാരം ഗ്രാമീണ ഗ്രന്ഥശാലകളും ആവശ്യമാണെന്നു് അദ്ദേഹം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതു കൊണ്ടുതന്നെ നാലുകൊല്ലക്കാലത്തെ പ്രാഥമികവിദ്യാഭ്യാസം കുറച്ചുകൂടി കൂട്ടേണ്ടതാവശ്യമാണെന്ന നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ വിദ്യാ മെമ്പർ അഭിപ്രായപ്പെട്ടതായി നമുക്കു കണക്കാക്കാം.

ഈ ഗ്രാമീണ ഗ്രന്ഥശാലകളുടെ സഹായംകൊണ്ടു് വിദ്യാഭ്യാസത്തിന്റെ നിലനില്പിനു സാധ്യമാകുമോ എന്നു പരിശോധിക്കുന്നപക്ഷം അതു സാധ്യമല്ലെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കാരണം, കൊച്ചിയിലുള്ള ഇരുന്നൂറിലധികം വില്ലേജുകളിൽ ഗ്രാമീണ ഗ്രന്ഥശാലകളും ഉണ്ടാകുവാൻ വേണ്ടുന്ന കാലം എത്രയോ വിടുമായി സ്ഥിതിചെയ്യുന്നു. രണ്ടു മൂന്നു വില്ലേജുകൾക്കപ്പുറമുള്ള ഗ്രാമീണഗ്രന്ഥശാലകളിൽപോയി വിദ്യാഭ്യാസത്തെ വളർത്തത്തക്കവണ്ണമുള്ള പാരായണസൗകര്യം നമ്മുടെനാട്ടിലെ വിദ്യാർത്ഥികൾക്കു കിട്ടുന്നില്ല. അതുകൊണ്ടു് സെക്കണ്ടറി സ്കൂളിൽ പോകാതെ ബാല്യദശയിൽ പ്രാഥമിക വിദ്യാഭ്യാസ പരിശീലനം മാത്രം നടത്തി വിദ്യാഭ്യാസത്തെ പൂർത്തീകരിക്കുന്ന ഒരു ജനസഞ്ചയം നമ്മുടെ നാട്ടിൽ ഉണ്ടോ എന്നുള്ളതു ഗവൺമെൻറിനു ബോദ്ധ്യമാകുന്നപക്ഷം പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള കാലം വർദ്ധിപ്പിക്കണമെന്നുള്ളതു തൽക്കാല സംഗതിയാണു്. നാലു കൊല്ലം എന്നുള്ളതു് ആറോ ഏഴോ കൊല്ലം എന്നാക്കി മാറേണ്ടതാണെന്നുള്ളതു ഗവൺമെൻറിനു സമ്മതിക്കാതെ നിവൃത്തിയില്ല. എന്റെ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് കൊല്ലം കൂട്ടണോ എന്നുള്ളതിനെപ്പറ്റി ആലോചിക്കണം എന്നാണു്. ഈ സഭയിൽ ഒന്നിലധികം അവസരങ്ങളിൽ ഇംഗ്ലീഷു കൂടി പ്രാഥമിക വിദ്യാഭ്യാസത്തിൽ കൂട്ടികൂടെ പഠിപ്പിച്ചാൽ കൊള്ളാമെന്നു പറഞ്ഞിട്ടുണ്ടു്. അതേ അവസരത്തിൽതന്നെ നാലുകൊല്ലക്കാലം നമ്മുടെ വിദ്യാലയങ്ങളിൽ മലയാളവും കണക്കും പഠിപ്പിച്ചതിനുശേഷം രണ്ടുമൂന്നു കൊല്ലംകൊണ്ടു് വിദേശഭാഷകൂടി അഭ്യസിപ്പിക്കുന്നതായാൽ അല്പമായ ആ വിദേശഭാഷാ വിജ്ഞാനം നമ്മുടെ വിദ്യാർത്ഥികൾ ചുരുങ്ങിയ സമയത്തിനുള്ളിൽ മറക്കുന്നു. അതുകൊണ്ടു് ഇപ്പോഴത്തെ നിലയിലുള്ള പ്രാഥമിക വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളെ ഇംഗ്ലീഷു കൂടി പഠിപ്പിക്കുന്ന പക്ഷം അതു് ധനത്തിനും ശക്തിക്കും വലിയ ദുർവ്യയമാണു വരുന്നതെന്നു ഹർട്ടാഗ് കമ്മിറ്റി അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. പ്രാഥമിക വിദ്യാഭ്യാസത്തിൽ ഇങ്ങിനെയുള്ള ഭയങ്കരങ്ങളായ ദുർവ്യയങ്ങൾ നടക്കുന്നുണ്ടെന്നു് ആ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു് വിദ്യാഭ്യാസത്തെ സംബന്ധിച്ചു് ഒരു കൂട്ടം ആളുകൾ ഗാഢമായി ആലോചിച്ചു് ഒരു റിപ്പോർട്ടു് ചെയ്യേണ്ട ആവശ്യമുള്ളതു്. ഈ സംഗതികൾ ഈ നിയമസഭയിൽ ഒന്നിലധികം തവണ പ്രസംഗിച്ചപ്പോൾ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർറിൽ നിന്നും ഉണ്ടായിരിക്കുന്ന മറുപടി, ഇപ്പോൾതന്നെ മുതലെടുപ്പിന്റെ ഒരു വലിയ ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചിലവാകുന്നു, അതുകൊണ്ട് കൂടുതൽ നികുതി ചുമത്തേണ്ടിവരുമെന്നാണ്. ഈ നിയമസഭയിൽ നിർബ്ബന്ധ പ്രാഥമിക വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചു അതു സെലക്ട് കമ്മിറ്റിയിൽവെച്ചു വാദപ്രതിവാദംചെയ്ത അവസരത്തിൽ അതിലെ അംഗമായിരുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ അഭിപ്രായപ്പെട്ടതു പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനു കൂടുതൽ ചിലവു വരുമെങ്കിലും അതിലേക്കു നികുതി ചുമത്തുന്നതു അനാവശ്യമാണെന്നാണ്. ഇങ്ങിനെ നോക്കുമ്പോൾ പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനു കൂടുതൽ ചിലവു വരുമോ അതിനു നികുതി ചുമത്തണോ എന്നുള്ള സംശയിയിൽ ഇവിടത്തെ വിദ്വാന്മാരുടെയിടയിലും അഭിപ്രായവ്യത്യാസമുള്ളതായിട്ടാണ കാണുന്നതു. അതുകൊണ്ടു കൂടുതൽ ചിലവു വേണം, അതിനു കൂടുതൽ നികുതി വേണം എന്നുള്ള വാദത്തെ വകവെച്ചുകൊടുക്കുന്നതിനുമുമ്പു അതിനെക്കുറിച്ചും ഗാഢമായ ഒരു പര്യാലോചന ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഈ പ്രമേയത്തിൽ അടങ്ങിട്ടുള്ള വിഷയങ്ങൾ ഈ സഭയുടേയും ഗവമ്മെൻറിന്റേയും ഉൽക്കണ്ഠയിൽ പല പ്രാവശ്യവും കൊണ്ടുവന്നിട്ടുള്ളവയാണ്. ഇതിലേക്കു ഗവമ്മെൻറ പക്ഷത്തുനിന്നും അനുദ്യോഗസ്ഥ പക്ഷത്തുനിന്നും അനുകൂലമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുമുണ്ട്. അതുകൊണ്ടു ഈ കാര്യത്തിൽ ഗൗരവമായ ഒരു പര്യാലോചന നടത്തി ഒരു റിപ്പോർട്ട് വരുത്തി അതനുസരിച്ചു വിദ്യാഭ്യാസപദ്ധതിയെ നവീകരിക്കേണ്ട ഒരു കാലഘട്ടത്തിൽ നാം ഇപ്പോൾ എത്തിച്ചേർന്നിട്ടുണ്ട്. അങ്ങിനെയുള്ള ഒരു വിദഗ്ധ കമ്മിറ്റിയുടെ അഭിപ്രായം വരുത്തിയതിനുശേഷം അതിനെപ്പറ്റി ഈ സഭയിൽ തീരുമാനിക്കാവുന്നതാണ്. അതിനാൽ ഞാൻ ഈ സഭയുടെ ആലോചനക്കു ഈ പ്രമേയം അവതരിപ്പിക്കുന്നതോടുകൂടി ഇന്നത്തെ പ്രാഥമിക വിദ്യാഭ്യാസം നമ്മുടെ നാട്ടിലെ പാവങ്ങളായ ജനങ്ങൾക്കു പ്രയോജനപ്പെടണമെന്നുള്ള ആഗ്രഹവും, ഇപ്പോഴത്തെ നാലു കൊല്ലക്കാലത്തെ വിദ്യാഭ്യാസം യഥാർത്ഥമായ പ്രാഥമിക വിദ്യാഭ്യാസമാകുന്നില്ലെന്നുള്ള വിശ്വാസവും ഈ സഭയിലുള്ള എന്റെ മാന്യസ്നേഹിതന്മാർക്കുണ്ടെങ്കിൽ അവരെല്ലാവരും ഈ പ്രമേയത്തെ അനുകൂലിച്ചു പാസാക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

Mr. M. K. Devassy (*Adur*): I second it.

Mr. V. J. Mathai (*Planters*): Will the hon'ble member be pleased to state as to whether the Government have any idea of increasing the taxation in aid of education.

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു പ്രാഥമിക വിദ്യാഭ്യാസ ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച അവസരത്തിൽ ഗവമ്മെണ്ടു പക്ഷത്തു നിന്നു ഇതിനു കൂടുതൽ ചിലവു വരും, നികുതി വേണ്ടിവരും എന്നു അഭിപ്രായപ്പെടുകയുണ്ടായി. ആ ബിൽ സിലക്ടു കമ്മിറ്റിയിൽ ആലോചനക്കു വന്ന അവസരത്തിൽ ഗവമ്മെണ്ടു മെമ്പറായ വിദ്യാഭ്യാസമേലധ്യക്ഷൻ കൂടുതൽ നികുതി വക്കുന്നതു അനാവശ്യമാണെന്നു അഭിപ്രായപ്പെടുകയും, അതനുസരിച്ചു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ നിന്നു ഞാൻ ഊഹിക്കുന്നതു വിദഗ്ധന്മാരുടെയിടയിൽ വ്യത്യസ്താഭിപ്രായമുള്ളതുകൊണ്ടു ഒരു കമ്മറ്റി വെച്ചു പര്യാലോചന നടത്തിയ ശേഷം അവരുടെ റിപ്പോർട്ട് വരുത്തി അതനുസരിച്ചു ചെയ്യൽ നന്നായിരിക്കുമെന്നാണ്.

മിസ്റ്റർ. പുത്തൂർ അച്യുതമേനോൻ: എന്റെ മാന്യ സ്നേഹിതൻ ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ജനങ്ങളുടെ പ്രതിനിധികളായി ഈ നിയമസഭയിൽ പ്രവേശിച്ച് അവരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും ഈ നിയമസഭയിലെ ഉദ്യോഗസ്ഥപക്ഷത്തെ മനസ്സിലാക്കണമെന്നു വിചാരിച്ച് ഇവിടെ വരുന്നവരാണു ഞങ്ങൾ. ഒരു ഭാഗത്തു് വലിയ വലിയ മണിമാളികകൾ പൊങ്ങിവരുന്നതായി നാം കാണുന്നുണ്ട്. വേറെ ഒരു ഭാഗത്തു് പട്ടിണി പട അങ്ങിനെ നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം ഒരു നാലഞ്ചു നാഴിക അകലെ പോയാൽ ഞങ്ങളുടെ ആവശ്യങ്ങൾ ഇതൊന്നുമായിട്ടല്ല അനുഭവപ്പെടുന്നതു്. അവിടെ അനുഭവപ്പെടുന്നതു് നേരത്തിനു് കൃഷിക്കു വെള്ളമില്ലായ്മ, യാതൊന്നും അറിയുവാൻ നിവൃത്തിയില്ലാത്ത അവിടെയുള്ള വിദ്യാർത്ഥികൾക്കു് എന്തെങ്കിലും കുറച്ച് അറിവു സമ്പാദിക്കുന്നതിനു സാധിക്കുമോ എന്നുള്ള പശ്ചാലോചന ഈ രണ്ടു സംഗതികളാണു് അവിടെയുള്ള ആവശ്യങ്ങൾ. ഈ രണ്ടു കാര്യങ്ങൾക്കാണു് ബാക്കി കാര്യങ്ങളേക്കാൾ കൂടുതൽ പ്രാധാന്യമുള്ളതു്. ഇങ്ങിനെയുള്ള സന്ദർഭത്തിൽ നിർബ്ബന്ധവിദ്യാഭ്യാസം കൊച്ചി രാജ്യത്തു് അത്യാവശ്യമായിട്ടാണിരിക്കുന്നതു്. നിർബന്ധ വിദ്യാഭ്യാസം നടപ്പിൽ വരുമ്പോൾ അതിനു വേണ്ടിടത്തോളമുള്ള സൌകര്യം ഇന്നു കൊച്ചിരാജ്യത്തുണ്ടോ, കുട്ടികളെ വേണ്ട തരത്തിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള സഹായങ്ങൾ ഗവൺമെണ്ടു ചെയ്യുന്നുണ്ടോ എന്നുള്ള സംഗതിയെപ്പറ്റി ആലോചിക്കുന്നതിനു് ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുകയാണു് എന്റെ മാന്യ സ്നേഹിതൻ ഇപ്പോൾ ചെയ്തിരിക്കുന്നതു്.

സർ, ഈ നിയമസഭയിൽ എന്റെ ചില മാന്യ സ്നേഹിതന്മാർ പറയുകയുണ്ടായി, ഞങ്ങളുടെ ദിക്കിൽ കുട്ടികളെ സ്കൂളുകളിൽ ആക്കിയതിനു ശേഷം കന്നു മേക്കേണ്ട കാലത്തു് കന്നു മേക്കുവാനും കൊയ്ത്തുകാലത്തു് കൊയ്യുവാനും വേണ്ടി അവർ സ്കൂൾ വിട്ടുപോയേക്കും എന്നു്. അതിനു ഞാൻ പറയുന്നതു് ആ കുട്ടികളെ അതിൽ കുറച്ചപ്പെടുത്തേണ്ടതില്ല എന്നാണു്. കുട്ടികൾക്കാവശ്യമായ വിദ്യാഭ്യാസമല്ല ഗവൺമെണ്ടു കൊടുത്തുകൊണ്ടിരിക്കുന്നതു്. എന്റെ മാന്യ സ്നേഹിതൻ പറഞ്ഞതു പോലെ യൂണിവേഴ്സിറ്റി പരീക്ഷകളിൽ എടുപ്പാടുകളാണു് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നാം കണ്ടുവരുന്നതു്. വിദ്യാഭ്യാസത്തിലുള്ള വാസന ഓരോരുത്തർക്കു് ഓരോന്നിലായിരിക്കും. അതാതു വിഷയങ്ങളിൽ വാസനയുള്ളവരെ അതാതു വിഷയങ്ങൾ പഠിപ്പിച്ചില്ലെങ്കിൽ അതുകൊണ്ടുള്ള ശരിയായ പ്രയോജനം ആ കുട്ടികൾക്കു സിദ്ധിക്കുന്നതല്ല. ഒരു കുട്ടിക്കു് സംഗീതത്തിലാണു് അധികം വാസനയുള്ളതെങ്കിൽ അതിലേക്കു് കൂടുതൽ പരിജ്ഞാനം സമ്പാദിക്കുവാനുള്ള പരിശീലനം ആ കുട്ടിക്കു കൊടുക്കണം. അതുപോലെ ചിത്രം വരക്കലിൽ വാസനയുള്ളവർക്കു് ആ വഴിക്കു കൂടുതൽ പരിശീലനമുണ്ടാക്കിക്കൊടുക്കണം. അങ്ങിനെയുള്ള എന്തെങ്കിലും സൌകര്യങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ ഗവൺമെണ്ടു് ചെയ്തിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇപ്പോൾ ഗവൺമെണ്ടു സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതുപോലെ ഗ്രാൻഡ് സ്കൂളുകളിലെ ഇന്നത്തെ സമ്പ്രദായത്തെ മാറ്റി പ്രാഥമിക വിദ്യാഭ്യാസത്തിലും ഇംഗ്ലിഷു് കൂടി പഠിപ്പിക്കുന്നതിനുള്ള സൌകര്യമുണ്ടാക്കിക്കൊടുത്താൽ അതുമൂലം ഒരു വലിയ ആദായമുണ്ടാകുമോ എന്നുള്ളതു പശ്ചാലോചിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അങ്ങിനെയല്ലെ ഗ്രാമോദ്ധാരണ പദ്ധതി നടപ്പിൽ വരുത്തേണ്ടതെന്നു ഞാൻ ചോദിക്കുന്നു. ഏതായാലും നാട്ടുപുറങ്ങളിലെ ജനങ്ങൾക്കു കൂടുതൽ വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു പദ്ധതി ഗവൺമെണ്ടു സ്വീകരിക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ ഈ നിയമസഭ മുമ്പാകെ വച്ചുകൊണ്ടു് മിസ്റ്റർ ഗോവിന്ദമേനോൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. കെ. എസ്സ്". പണിക്കർ: സർ, ഈ സംഗതിയെ സംബന്ധിച്ചു രണ്ടു വാക്കു പറയാനുണ്ടു്. മലയാളം പ്രാഥമിക ക്ലാസ്സുകളിൽ ഇംഗ്ലീഷു് വിദ്യാഭ്യാസവും കൂട്ടിച്ചേർക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു പ്രത്യേകം ചിലവൊന്നും വേണ്ടിവരികയില്ലെന്നും അതുകൂടി ഏറ്റെടുത്തുന്നതു സാധുക്കളായ വിദ്യാർത്ഥികളുടെ ജീവിതത്തിൽ ഉപകാരപ്രദമാകുമെന്നും ഞാൻ കഴിഞ്ഞ ബഡ്ജറ്റസമ്മേളനത്തിൽ ഒരുപക്ഷേപം അവതരിപ്പിച്ചു ഈസഭയെ ബോദ്ധ്യപ്പെടുത്തിയിരുന്നു. കഴിഞ്ഞ നിയമസഭയിൽ നിർബ്ബന്ധ പ്രാഥമിക വിദ്യാഭ്യാസബിൽ കൊണ്ടുവന്നപ്പോൾ നികുതി ചുമത്താതെ ഈ പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാക്കുന്ന കാര്യം സാദ്ധ്യമല്ലെന്നു പറഞ്ഞാണു് ആ ബിൽ തള്ളിക്കളഞ്ഞതു്. മൂന്നും നാലും ക്ലാസ്സുകളിൽ ഇംഗ്ലീഷു പഠിപ്പിക്കേണ്ടതാവശ്യമാണെന്നു എസ്". കെ. കമ്മിറ്റി റിപ്പോർട്ടിലും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതിനെ അടിസ്ഥാനമാക്കിയാണു ഞാൻ കഴിഞ്ഞ നിയമസഭയിൽ ആ ഉപക്ഷേപം കൊണ്ടുവന്നതു്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിലെ ഗവമ്മെണ്ടിന്റെ വിദഗ്ദ്ധ മെമ്പർമാരുടെയുള്ള ഒരു കമ്മിറ്റി വെച്ചു എഡ്യൂക്കേഷൻ സർവ്വെ നടത്തി ഗവമ്മെണ്ടിലേയ്ക്കു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടു്. കൂടാതെ പ്രത്യേകമായി നിയമിച്ച എസ്". കെ. കമ്മിറ്റി വളരെ പണം ചിലവാക്കി പഴുതേക്ഷണങ്ങൾ നടത്തി ഒരു റിപ്പോർട്ടു ഗവമ്മെണ്ടിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടു്. പിന്നെ അനുഭാവസമ്പന്നരിൽ നിന്നു തിരഞ്ഞെടുത്ത ഒരു ഉപദേശ കമ്മിറ്റിയുമുണ്ടു്. കൂടാതെ ഇതിനൊക്കെ പുറമെ വാല്യൂ സ്റ്റീം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കയാണു്. ഇങ്ങിനെ പലതും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഇനിയും ഈ കാര്യത്തിനായി ഒരു പ്രത്യേക കമ്മിറ്റി കൂടി വേണമെന്നു പറയുന്നതു സ്വീകാര്യമല്ല. ഒരു കമ്മിറ്റിയെന്നു പറഞ്ഞാൽ വേഗം കഴിയും. അതിനു് വളരെ പണച്ചിലവുണ്ടു്. ഇങ്ങിനെ കമ്മിറ്റിയുണ്ടാക്കി റിപ്പോർട്ടുണ്ടാക്കിയാൽ പോര. വളരെ പണം ചിലവാക്കി ആൻറണി കമ്മിറ്റി റിപ്പോർട്ടുണ്ടാക്കീട്ടു എന്തു ചെയ്യു? ഇപ്പോൾ ഗവമ്മെണ്ടിൽ നിന്നു പ്രായോഗികങ്ങളായ പല പദ്ധതികളും ആലോചിക്കുന്നുണ്ടു". കമ്മിറ്റിയുടെ കാര്യത്തിൽ ഞാനെതുക്കുന്നു. പ്രമേയത്തിന്റെ തത്വം സ്വീകാര്യമാണു്. പ്രാഥമിക വിദ്യാഭ്യാസത്തെ പരിഷ്കരിക്കുവാൻ ഏതെങ്കിലും തരത്തിൽ ഒരു പദ്ധതി നടപ്പാക്കുന്നതു ഉപകാരപ്രദമാണെന്നു പറഞ്ഞുകൊണ്ടും ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിന്ന കമ്മിറ്റി രൂപീകരണത്തെ എതുത്തുകൊണ്ടും ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Rao Sahib I. N. Menon (*Director of Public Instruction*): Sir, what I wish to say at the outset is that the issue embodied in this resolution is the reform of primary education and the appointment of a Committee. As the hon'ble member for Mulakunnathukavu has explained very clearly there is very little difference of opinion between this side of the House and that, in regard to the need for reform of education in all its grades. The question is whether any useful purpose will be served by the appointment of a Committee or whether there is any extreme emergency for the appointment of such a Committee. My own view in the matter is that we are not short of data with regard to this question. We have the report of Committees not merely pertaining to Cochin but of committees employed by Governments similarly placed in India, so that we have a volume of relevant evidence which should be the basis of any final judgment.

LIBRARY ARCHIVES Kerala Legislative Assembly

The hon'ble member's speech itself shows that there is hardly any need for any enlightenment on this point. He has placed before this House a volume of evidence which could not have been exceeded or surpassed by any special committee of enquiry. I do not say this by way of congratulation but I say this by way of evidence to show that there is no necessity for a committee either of this Legislature or of an expert nature. Again, Sir, there is a standing committee of this House which deals with questions concerning education. At the last two sittings of that advisory body two expert members were co-opted to consider these very questions. Now this standing committee of this House, with the two co-opted members, discussed *inter alia* these questions also, and the results were embodied in an official report which I think is available to all the hon'ble members. In order that the view of the Government may not be misunderstood, I would like to repeat one paragraph from the report which the Director of Education submitted in that connection.

"The demand for the abolition of all distinction between primary schools is ultimately based on a wrong view of primary education. Primary education is viewed as a *Preliminary* to or preparation for secondary education, as a stage in one continuous process of education of which the primary is the first step. This view overlooks one very important fact that, for the vast majority of mankind in Cochin or elsewhere, the primary school represents all the education it can get unless it be through reading rooms and libraries. As such, primary education should be conceived and organised in such a way that, though narrowly limited in duration and in content, it affords a *complete* and selfsubsistent scheme from which the average child may receive the minimum of knowledge and training necessary to mould an intelligent and patriotic member of society, competent to discharge some useful function in the economy of social welfare. Primary education conceived in this sense has no reference either to Secondary or University education and it is or seeks to be full and complete in itself."

This is the view held by Government and which was much more eloquently put by the hon'ble member for Mulakunnathukavu. These are all facts known to everyone, even to the ordinary layman. As such I do not think that the appointment of a committee of the nature proposed by the hon'ble member is urgently called for. In the second place it is not quite true that we have not got the reports of the local committees. There has been Vernacular Primary Education Committee which went round, collected evidence and published a report. That report is a very valuable report and some of the recommendations of that committee have been implemented, but many more

LIBRARY ARCHIVES Kerala Legislative Assembly

remain to be implemented for want of funds. Again therefore I do not think it will be of any particular use in merely constituting a committee of this nature. The hon'ble member made a slight mistake, a slip, when he said that the Director of Education who was a member of that special Select Committee which went round and collected evidence on the compulsory education Bill, said that the reforms now referred to would not cost any additional money. The question then was whether the introduction of compulsion in select areas would involve additional expenditure. That would not have involved additional expenditure. But the prolongation of the period of education to a certain number of years, the reform of the contents of the primary education, demands like those put forward by the hon'ble member for Kattur, all these would involve additional expenditure. These facts were also placed before the Advisory Committee and the Advisory Committee, I think, almost unanimously, probably with one exception said if it would involve additional taxation they did not want the reform. They were there in a representative capacity, and whatever be their personal views they did not want additional taxation, not because they were themselves afraid of any taxation but because they knew that the general public would be averse to any additional taxation. I think, therefore, Sir, that there is no need for the appointment of a Committee. There is very urgent need for all the reforms referred to by the hon'ble member. Government are aware that the reforms referred to by the hon'ble member for Mulakunnathukavu are urgently called for. In dealing with the reports of expert bodies which are expected to be submitted on the Wardha Scheme, and its applicability to conditions in Cochin, and it is engaged in reviewing those reports, Government will give every consideration to the points raised by the hon'ble member for Mulakunnathukavu. It seems to me that even if there should be a Committee to further enquire into the matter we might postpone the appointment of such a committee till we are in possession of the views of the expert bodies on the advisability of introducing the Wardha Scheme in the State.

Mr. V. J. Mathai (*Planters*): On a point of information, may I know whether the Government have any idea of introducing English into the primary schools?

Rao Sahib I. N. Menon (*Director of Public Instruction*): That question was considered by the Advisory Committee and it was resolved by a majority view that it is not advisable to have it extended to all the primary schools.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. J. Mathai (*Planters*): Hypothetically if English is to be introduced into the primary classes, will it increase the cost of education?

Rao Sahib I. N. Menon (*Director of Public Instruction*): It will not increase the expenditure on education but it will reduce the income from schools. Because now fees are levied in English primary schools and if English is taught in all the primary schools there will be no point in levying these fees from English primary schools.

Mr. V. J. Mathai (*Planters*): Sir, In view of the point that has been raised in the course of the discussion I feel called upon to intervene in the debate and in so doing I am sorry I have to oppose the resolution of my very esteemed friend Mr. Panampilli Govinda Menon. The chief reasons which induce me to oppose this resolution are firstly my conviction, which is shared by some other hon'ble members of this House, that the report of a new committee may share the same fate which was shared by reports of several other committees. Secondly because the expenditure involved, in conducting very probably a roving enquiry, into the scope, limits and possibilities of education, could not be commensurate with the results which may be obtained in the course of that enquiry, especially when we consider the weighty words of the Education member that we have already ample materials in our own possession on these very same questions. Thirdly, because I feel that the various questions which have been sought to be raised in the course of the discussion on this resolution could be answered straightaway and have been answered. For example, we will take the very first question:—"Is any re-organization of primary education necessary? (*a*) in the direction of increasing the number of years of instruction." I feel that the view that the Cochin Government could afford to have different wheels from those used for the educational Rathams of the Madras University is not quite correct. Because unfortunately our boys and girls, after their education in this State have necessarily to go out of the State for higher education. Therefore even if the primary classes are only a preparatory course for the secondary classes, and if the secondary classes are only a preparation for the college classes that is as it ought to be; because otherwise any other preparation which we may give them, whether it be self-contained or not, may not be accepted on the face value, which we may put upon it, outside the State and secondly admission to our students who go out with this preparation may not be possible as it is now. Increasing the number of years of instruction necessarily means that the sort of education which we now

LIBRARY ARCHIVES Kerala Legislative Assembly

impart, which is supposed to be complete in itself, will have to be extended over a lengthier course of instruction in the primary schools. The result would be that the students may not go to that extent and continue their studies for more than four years, because I know as a matter of fact that in rural parts students are not able to pursue their studies even for a term of four years. Therefore there is a danger of their education being stopped half way if the course of studies now imparted during these four years are extended for a period of six or seven years.

Then coming to the other question whether such a scheme of re-organisation will result in an increase in the expenditure now incurred by Government for elementary education, we have now heard from the hon'ble member for Education that even though the answer to that question is in the affirmative, it has only to be answered in a different manner. Any way, we come to the same result. Though the hon'ble member for Education answered my question that it may not cause any increase in expenditure, and at the same time when he assures the House that it will cause a diminution in the return, I think that if English is introduced in primary classes it might mean further increase of expenditure. One thing that stands in the way of supporting the resolution is this. "If so, is any additional taxation necessary". If any innovation will mean further taxation, however beneficial it may be, it will be an additional burden on the already over-taxed people. I feel that certainly it is a red tag and the bull of the peasant would certainly tear it to pieces. I share their view because I come from rural parts, and I know the difficulty of the poor peasant to pay tax. I told the Diwan President when he asked the House for an answer on this question 'Are the people prepared for further taxation', 'No, Sir'. If there is one red tag to the bull of the poor peasant, it is further taxation. And, I share their hatred for taxation. Therefore, if any proposal however beneficial it might be would mean the increase of taxation of the people, I oppose it. And that chiefly is the reason why I oppose it. May God forbid such a necessity. I oppose this resolution and say 'no more taxes on people.' We are already over-burdened with taxes. If these taxes would sit only upon the shoulders of the rich, then it may be alright. But if it would mean additional taxation of the poor, I should think that it would be the last straw which might break the back of the camel of the poor agriculturists. I, therefore, oppose this motion and I may assure my hon'ble friend Mr. P. Govinda Menon that I differ from him only on principle.

മിസ്റ്റർ. പി. ഗോവിന്ദമേനോൻ: സർ, എന്റെ മാന്യ സ്നേഹിതൻ തോട്ടം പ്രതിനിധി ഞാൻ പറഞ്ഞ ഒരു സംഗതി ശരിയായ് ധരിക്കാഞ്ഞതി

LIBRARY ARCHIVES Kerala Legislative Assembly

ൽ വ്യസനമുണ്ട്. മദ്രാസ് യൂണിവേഴ്സിറ്റിയോട് യാതൊരു തരത്തിലും ബന്ധപ്പെട്ട കിടക്കേണ്ട എന്നല്ല. പ്രാഥമിക വിദ്യാഭ്യാസം കൊണ്ട് മാത്രം തൃപ്തിപ്പെട്ട കിടക്കേണ്ട ഒരു കൂട്ടം ജനങ്ങൾ നമ്മുടെ രാജ്യത്തിലുണ്ട്. പണമില്ലാത്തതുകൊണ്ട് മേൽ വിദ്യാഭ്യാസത്തിന് നിവൃത്തിയില്ലാത്ത ഒരു കൂട്ടം ജനങ്ങൾ നമ്മുടെ നാട്ടിലുണ്ടെന്ന സമ്മതിക്കുന്ന പക്ഷം ആ വിദ്യാഭ്യാസം കൊണ്ട് തന്നെ അവരുടെ ജീവിതത്തിനാവശ്യമായ അറിവു കിട്ടത്തക്കവണ്ണം പരിഷ്കരിക്കണമെന്നാണ് ഞാൻപറഞ്ഞത്. അതു അദ്ദേഹംമനസ്സിലാക്കാത്തതിൽ എനിക്ക് സങ്കടമുണ്ട്. പിന്നെ നികുതി തീരെ വേണ്ടായെന്ന് ഞാൻ പറയുന്നില്ല. വിദ്യാഭ്യാസത്തിന്റെ പരമമായ പ്രയോജനത്തേയും ആവശ്യത്തേയും ആലോചിക്കുമ്പോൾ അതിനു കൂടുതൽ നികുതി ആവശ്യമായിവരുന്നപക്ഷം അതുവേണമെന്നതന്നെയാണ് എന്റെയും പക്ഷം. പക്ഷെ അതു പാവങ്ങളുടെമേൽ ചുമത്തപ്പെടുന്ന നികുതിയായിട്ടോ നില നികുതിയായിട്ടോ തീരരുതെന്നാണ് ഞാൻ പറയുന്നത്. മിസ്റ്റർ പണിക്കരുടെ അഭിപ്രായത്തിൽ ഒരു പുതിയ കമ്മിറ്റിയെവെച്ച് വിദ്യാഭിപ്രായം ശേഖരിക്കണമെന്നു ഞാൻ പറഞ്ഞിട്ടുള്ള സംഗതികളൊക്കെ ശവമ്മെണ്ടിന്റെ അടുക്കൽ ഇപ്പോൾതന്നെ കിടക്കുന്നുണ്ടെന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പറും എന്റെ പക്ഷം സമ്മതിക്കുന്നുണ്ട്. ഇന്നത്തെ പ്രാഥമിക വിദ്യാഭ്യാസരീതി നാട്ടിൻപുറങ്ങളിലെ സാധുക്കൾക്ക് യോജിച്ചതല്ല, അവക്ക് ര് ക്ലാസ്സുകൊണ്ട് ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നില്ല. അവക്ക് അതിനുമേൽ പഠിക്കുവാൻ പണമില്ലെന്നും അദ്ദേഹം സമ്മതിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസവിഷയത്തിൽ സഹായിക്കാനായി അഡൈവസറി കമ്മിറ്റിയുണ്ടെന്നും മറ്റും എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ പറയുകയുണ്ടായി. പുതിയതായി ഒരു സംഘം സ്ഥാപിക്കണമെന്നുദ്ദേശിക്കുന്ന ആളല്ല ഞാനും. വിദ്യാഭ്യാസസമിതികളും മറ്റും സ്ഥാപിച്ച അവസരത്തിൽ ദിവാൻജി അവർകൾ ചെയ്ത പ്രസ്താവനയിൽനിന്നു ഞാൻ മനസ്സിലാക്കിയതു വിദ്യാഭ്യാസനയത്തെ കുറിച്ചോ മറ്റൊ ഈ മെമ്പന്മാക്ക് ഒരക്ഷരവും ശബ്ദിക്കാൻ അധികാരമില്ല, നിത്യേന ആവശ്യമുള്ള രണ്ടുകാര്യങ്ങളിൽ ശവമ്മെണ്ടിനെ ഉപദേശിക്കാൻ മാത്രമുള്ള ഒരു കമ്മിറ്റി മാത്രമാണെന്നുമാണ്. അതല്ല അതിൽ കൂടുതൽ അധികാരം ഈ സംഘത്തിനുണ്ടെന്നു പായുന്നപക്ഷം അതിൽ എന്നെപ്പോലെ സന്തോഷിക്കുന്ന ഒരാൾ ഈ സഭയിൽ വേറെയില്ലെന്ന് എന്റെ സ്നേഹിതനെ പറഞ്ഞു മനസ്സിലാക്കികൊള്ളുന്നു. വിദ്യാഭ്യാസ അഡൈവസറി കമ്മിറ്റിക്കിപ്പോഴുള്ള അധികാരത്തെക്കുറിച്ചാണ് ഞാൻ പറയുന്നതു. അതിൽ കൂടുതൽ അധികാരം വാദപ്രതിവാദം കൊണ്ടോ മറ്റൊ കരസ്ഥമാക്കുന്നുവെങ്കിൽ അതെനിക്കു സന്തോഷപ്രദമാണ്. അങ്ങിനെയാണ് അധികാരം കരസ്ഥമാക്കേണ്ടതും. എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ പണിക്കർ എന്നെ ഓർമ്മപ്പെടുത്തിയ കാര്യങ്ങൾതന്നെ വിദ്യാഭ്യാസ മെമ്പറവർകളും പറകയുണ്ടായി. അതായതു ശവമ്മെണ്ടിനു ഈ കാര്യങ്ങളിലൊന്നും വിവരമില്ലാത്തതുകൊണ്ടല്ല വിവേകമില്ലാത്തതുകൊണ്ടാണ് ഒന്നും പ്രവൃത്തിക്കാത്തതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നിന്നു ഞാൻ മനസ്സിലാക്കിയതു". ഞങ്ങൾക്കു വേണ്ട വിവരമുണ്ട്. നിങ്ങൾ ഒന്നും ശേഖരിച്ചു തരേണ്ടതില്ല. വെർണാകുലർ എഡ്യൂക്കേഷൻ കമ്മിറ്റി എന്നൊന്നിന്റെ റിപ്പോർട്ടുണ്ട്. ഈ വിദ്യാഭിപ്രായങ്ങളൊക്കെ ശേഖരിച്ചു അലമാരിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്—വേറൊരു സ്ഥലത്തായിരുന്നെങ്കിൽ ചിതലൊ പാറ്റയൊ തിന്നുപോയേനെ. ഹജൂരിലായതുകൊണ്ട് അങ്ങിനെ സംഭവിക്കയില്ല. അതിനുശേഷം ഇപ്പോഴത്തെ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ അന്വേഷണം നടത്തി വളരെ അഗാധങ്ങളായ ആശയങ്ങൾ അടങ്ങിട്ടുള്ള ഒരു റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. അതു വളരെ കാലം ശവമ്മെണ്ടിന്റെ മേശമേൽ പൊതുവായ ദൃഷ്ടികളെ ആകർഷാനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു കിടന്നിരുന്നു. ഇപ്പോൾ അതു ഗവൺമെണ്ടിന്റെ ഏതു കൂട്ടയിലാണ് കിടക്കുന്നതെന്നറിഞ്ഞുകൂടാ. വിദ്യാഭ്യാസ മേലധ്യക്ഷൻ പറഞ്ഞു; ആവശ്യം വരുമ്പോൾ ഗവൺമെണ്ടിന്റെ ഈ വിലപിടിച്ച ഖനികളിൽനിന്നു ആവശ്യമുള്ള തത്വരത്നങ്ങളെടുത്തുകൊള്ളാമെന്നു്. അങ്ങിനെ ഭംഗിയായ ഒരാർഡ്വം അദ്ദേഹം പാസ്സാക്കീട്ടുണ്ടു്. ഇതെങ്ങിനെയെന്നുവെച്ചാൽ ഇൻഡ്യയിൽ ഒരു പണ്ഡിതൻ ഒരു പുസ്തകമെഴുതിയാൽ മറെറാരു പണ്ഡിതൻ തന്റെ ബുദ്ധി ചെലുത്തുന്നതു് അതിന്റെ വ്യാഖ്യാനമെഴുതുന്നതിലാണു്. പിന്നൊരു പണ്ഡിതൻ അതിന്റെ പീഠികയെഴുതുന്നതിലാണു് തന്റെ സാമർത്ഥ്യമുപയോഗിക്കുന്നതു്. ഈ തരത്തിലാണു് നമ്മുടെ മഹാപണ്ഡിതന്മാരുടെ ബുദ്ധിശക്തി വെറുതെ വ്യയം ചെയ്യുന്നതു്.

പിന്നെ ഫർ ഡ്രസ് ഡിബേറ്റ്സ്—തികച്ചും വസ്ത്രം ധരിച്ച വാഗ്പ്രതിവാദം—ഇവിടെ നടക്കുകയുണ്ടായി. ആ ഡിബേറ്റ്സിന്റെ ഫലമായും എസ്സ്. കെ. കമ്മിറ്റിയുടെ ഫലമായും വിദ്യാഭ്യാസകാര്യത്തിൽതന്നെയല്ല രാഷ്ട്രീയാന്തരീക്ഷത്തിൽതന്നെ അടുത്തകാലം വരെ പൊടിയും ചളിയും കഴപ്പുങ്ങളുമുണ്ടാക്കിയ ആ റിപ്പോർട്ടും അതിനു മുമ്പുള്ള റിപ്പോർട്ടും ഇങ്ങിനി വരാതവണ്ണമെങ്ങോ പോയി യോഗനിദ്രയിൽ ലയിച്ചുമാതിരി ഗവൺമെണ്ടിന്റെ അലമാരിയിൽ കിടക്കുകയാണു്. ഇപ്പോൾ വിദ്യാഭ്യാസ മെമ്പർ പറയുന്നതു് അല്ലയോ സ്നേഹിതാ! ചിവരം ധാരാളമുണ്ടു്. അറിവില്ലെന്നു എന്നേയും എന്റെ ഗവൺമെണ്ടിനേയും പാറി പറയരുതേ! ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി ചീത്തയോ കൊള്ളരുതാത്തതോ ആണെങ്കിൽ അതിനെ കുറിച്ചു അറിവില്ലാത്തതുകൊണ്ടല്ല അതിൽ വിവേകമില്ലെന്നാണു് അദ്ദേഹം പറഞ്ഞതിന്റെ സാരം. അപ്പോൾ എന്റെ വിവരക്കുറവുകൊണ്ടു് അവർക്കു വിവരമില്ലെന്നു ഞാൻ വിചാരിച്ചുപോയി. ഇനിയെങ്കിലും അവർ കുറെ വിവേകത്തോടുകൂടി പ്രവൃത്തിച്ചാൽ കൊള്ളാമെന്നു് ഞാൻ അവരോടു അപേക്ഷിച്ചുകൊണ്ടും മറെറാരവസരത്തിൽ എന്റെ ഈ പ്രമേയം കൊണ്ടുവന്നുകൊള്ളാമെന്നു വിചാരിച്ചും ഈ പ്രമേയം സഭയുടെ അനുമതിയോടുകൂടി ഞാൻ പിൻവലിച്ചുകൊള്ളുന്നു.

The Resolution was, by leave, withdrawn.

14. Prohibition of Free Importation of Uncouponed Burma Rubber into India.

PROHIBITION OF FREE IMPORTATION OF UNCOUPONED BURMA RUBBER INTO INDIA.

Mr. V. J. Mathai (*Planters*): I beg to move the resolution which runs thus:

"*This Council recommends to the Government to make every endeavour to prohibit the free importation of uncouponed Burma Rubber into India.*"

At the outset, I may preface my remarks by reading from a speech of the President of the United Planters Association of South India Position. In his Presidential speech, emphasising the present position of the planters, these are the words he used. "It must be remembered that the continued low price of rubber, coffee and other products, make it almost impossible for owners

LIBRARY ARCHIVES Kerala Legislative Assembly